# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2391 12.06.2018- ൽ മറുപടിക്ക്**

**വ്യവസായ മിത്ര പദ്ധതി**

**ചോദ്യം**

ശ്രീ. എം. ഉമ്മർ
" പി.ബി. അബ്ദുൽ റസ്സാക്ക്
" പാറക്കൽ അബ്ദുല്ല
" കെ.എം. ഷാജി

**ഉത്തരം**

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ രക്ഷിക്കുന്നതിനായി വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) & (ബി) | തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ദി കേരള സ്റ്റസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആൻറ് റിഹാബിലിറ്റേഷൻ പദ്ധതിക്ക്" GO(Ms) No 38/2018/ID dated:15.05.2018 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇ. കളെ കണ്ടെത്തുകയും, ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും, ലീഡ് ബാങ്ക് മാനേജർ, ജില്ലാ പ്രസിഡൻറ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മീഷണർ, GST, റെപ്രസെൻറേറ്റീവ് MSME DI എന്നിവർ അംഗങ്ങളായി (ക്വാറം 5) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റിയാണ് വ്യവസായ മിത്ര.<br>മേൽ പറഞ്ഞിട്ടുള്ള കമ്മിറ്റിയിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്. ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നു. താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതി മൂലം നൽകുന്നത്:<br>1. നിലവിലുള്ള വായ്പ അക്കൗണ്ട് പുനഃക്രമീകരണം ചെയ്യുക.<br>2. പുനഃരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചിലവുകൾ നൽകുക.<br>3. നിയമപരമായി അടയ്ക്കേണ്ടതായ ബാധ്യതകൾ അടയ്ക്കുന്നതിന് സഹായം.<br>4. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000/- രൂപ. |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**